# പുത്തൂർ.ജെ.ബി.സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

വിഷൻ 100

# ഉള്ളടക്കം

*അടിസ്ഥാന വിവരങ്ങൾ

*ആമുഖം

*ലക്ഷ്യങ്ങൾ

*വിദ്യാലയത്തിന്റെ ലഘു ചരിത്രം

*വിദ്യാലയം മികവിന്റെ കേന്ദ്രം

*പദ്ധതി രൂപീകരണ പ്രക്രിയ

*മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

*പദ്ധതി വിശദാംശങ്ങൾ

# ആമുഖം

വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നാതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ലക്ഷ്യം. ഇതിന്റെ ആദ്യ പടി ഗുണമേന്മവിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ട് സ്കൂളിനെ സർവ്വോത്മനാ ഉയർത്തികൊണ്ടുവരിക എന്നതാണ്. ഇതിനുവേണ്ടി ക്രിയാത്മകവും പ്രായോഗികവുമായ ചില പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. അത് വഴി പുത്തൂർ ജെ. ബി സ്കൂളിനെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നത്.

സമൂഹബന്ധിതമായി ജീവിക്കാൻ ഉതകുന്നതിനു വേണ്ടിയുള്ള അടിസ്ഥാന വിദ്യാഭ്യാസം നൽകികൊണ്ട് ആത്മവിശ്വാസമുള്ള യുവതലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വിഷൻ 100.

പുത്തൂർ ജെ. ബി സ്കൂളിനെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റാനുള്ള പ്ലാനാണ് ഇത്. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും പഠനത്തോടൊപ്പം കലാപരവും കായികപരവും സാംസ്കാരികപരവുമായ നൈപുണികളെ പ്രോത്സാഹിപ്പിച്ചും അവ പ്രകടിക്കാനുള്ള അവസരങ്ങൾ ഒരുക്കി കൊണ്ടും പഠിതാക്കളെ വിദ്യാലയ അന്തരീക്ഷവുമായി ഇണക്കിച്ചേർത്ത് വിദ്യാലയം എന്നത് ഒരു വികാരമാക്കിമാറ്റാനൊതുകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈഅക്കാദമിക് മാസ്റ്റർ പ്ലാൻ മുന്നോട്ടു വെക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ബോധനരീതിയും പഠനം

മനശാസ്ത്രപരമായും രൂപം നൽകിയ പുത്തൻ ആശയങ്ങളും പ്രായോഗിക തലത്തിലുള്ള നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗവും വിദ്യാർത്ഥികൾക്ക് പുതിയ പഠനാനുഭവം ഒരുക്കി പഠനത്തോട് താൽപര്യവും അഭിരുചിയും വർദ്ധിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതി മുന്നോട്ട് വെക്കുന്നത്

## പൊതുലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയും വികസനവും സാധ്യമാക്കുക.
- പ്രകൃതിവിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും പരിപോഷിപ്പിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.
- കുട്ടികളെ നല്ല വായനക്കാരനാക്കുക.
- ലൈബ്രറി ശക്തമാക്കുക.
- ഭാഷ എഴുതാനും വായിക്കാനും കുട്ടിയെ പ്രാപ്തരാക്കുക.
- ICT അധിഷ്ഠിതമായ പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുന്നു.
- പ്ലാസ്റ്റിക് വിമുക്ത അന്തരീക്ഷം വിദ്യാലയത്തിൽ ഒരുക്കുക.
- രക്ഷിതാക്കളിൽ വായനാസംസ്കാരം വളർത്തിയെടുക്കുക.
- വിദ്യാലയങ്ങളും സമൂഹവുമായി ബന്ധം ദൃഢമാക്കുന്നു.
- സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുക.
- കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കും.

## വിദ്യാലയചരിത്രം

വടകര താലൂക്കിലെ പുത്തൂർ ദേശം എന്ന ഗ്രാമത്തിൽ കിഴക്കയിൽ എന്ന പറമ്പിൽ ഷെഡ് കെട്ടിയാണ് വിദ്യാലയം ആരംഭിച്ചത്. അന്ന് ധാരാളം കുട്ടികൾ പഠനത്തിനായി എത്തിയിരുന്നു. സ്ഥലതർക്കം കാരണം പിന്നീട് അതിനടുത്ത് സ്ഥലമായ വലകെട്ടിൽ എന്ന പറമ്പിൽ ഓല മേഞ്ഞ ഷെഡ്ഡിൽ പഠനം ആരംഭിച്ചു. അന്ന് അഞ്ചാം തരം വരെ ഉണ്ടായിരുന്നു. കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ കുനിയിൽ എന്ന പറമ്പിൽ ഷെഡ് കെട്ടി പഠനം ആരംഭിച്ചു. പിന്നെ കാലക്രമേണ മാറ്റങ്ങൾ സംഭവിച്ചു. അന്നത്തെ മാനേജർ ശങ്കരൻ വൈദ്യർ ആയിരുന്നു. നാലാം ക്ലാസ് വരെയുള്ള വിദ്യാലയത്തിന്റെ മാനേജർ പുഷ്പജ ബാലകൃഷ്ണൻ ആണ്.

വടകര മുനിസിപ്പാലിറ്റിയിൽ 10ാം വാർഡിൽ ചെറുശ്ശേരി റോഡിന് സമീപമാണ് പുത്തൂർ ജെ. ബി സ്കൂൾ സ്ഥിതി ചെയ്യുന്നത്. വടകര ഡയറ്റിൽ നിന്നും ഏകദേശം രണ്ട് കിലോമീറ്റർ ദൂരെയായിട്ടാണ് പുത്തൂർ ജെ. ബി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നു മുതൽ നാല് വരെ ക്ലാസുകളുള്ള സ്കൂളിൽ നാല് അധ്യാപികമാരും 25 കുട്ടികളുമാണ് ഉള്ളത്. ഈ അധ്യായന വർഷത്തിൽ പ്രീ പ്രൈമറി തുടങ്ങാൻ കഴിഞ്ഞു.

വിദ്യാലയം മികവിന്റെ കേന്ദ്രം

പാഠ്യപഠേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

മാനവികത സ്നേഹം കരുണ വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ ഓരോ ക്ലാസിലെയും കുട്ടികൾ ആദ്യിക്കേണ്ട മികവാർന്നശേഷികളും ധാരണകളും കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പാക്കൽ'

നാടക കളരി സാഹിത്യ പോഷണ പരിപാടികൾ

പാരിസ്ഥിതികാവ ബോധത്തോടെയുള്ള ജീവിതവും വികസനവും സങ്കല്പവും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ

വിദ്യാലയം മികവിന്റെ കേന്ദ്രം

പാഠ്യപഠേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

മാനവികത സ്നേഹം കരുണ വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ ഓരോ ക്ലാസിലെയും കുട്ടികൾ ആദ്യിക്കേണ്ട മികവാർന്നശേഷികളും ധാരണകളും കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പാക്കൽ'

നാടക കളരി സാഹിത്യ പോഷണ പരിപാടികൾ

പാരിസ്ഥിതികാവ ബോധത്തോടെയുള്ള ജീവിതവും വികസനവും സങ്കല്പവും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ

മേഖല,ഉപമേഖല,ലക്ഷ്യം,കാലം ,പ്രവർത്തനങ്ങൾ,ചുമതല,സാമ്പത്തിക വിശകലനം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസുവരെ 35 കുട്ടികളാണ് പഠിതാക്കളായി ഉള്ളത്

എൽഎസ്എസ് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.രാഷ്ട്രീയ സാമൂഹിക അക്കാദമിക രാഷ്ട്രീയ രംഗങ്ങളിൽ സാന്നിധ്യം അറിയിച്ച നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികൾ ആണ്.2024 25 വർഷം അക്കാദമിക മേഖലകളിലും കലാകായിക മേഖലകളിലും മികച്ച വിജയം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്

പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജി യോഗം സ്റ്റാഫ് യോഗം പിടിഎ യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

അക്കാദമിക ആവശ്യങ്ങൾക്ക് പദ്ധതി ലക്ഷ്യം പ്രവർത്തനം തുക കാലയളവ് എന്നിവ നിശ്ചയിക്കൽ

കരട് രൂപരേഖ -എസ് ആർ ജി ,എസ് എം സി ,പി ടി എ ,എം പി ടി എ ,സ്റ്റാഫ് കൗൺസിലർ എന്നിവർക്കു മുന്നിൽ അവതരിപ്പിക്കൽ

മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

*ഭാഷാശേഷി വികസനം

*ഗണിതശേഷി വികസനം

*ഇംഗ്ലീഷ് പഠന പരിപോഷണം

*വായനാ പരിപോഷണം

*പഠനയാത്ര

*കലാകായികമേള ,ഐടി പരിശീലനം

*അധ്യാപക ശാക്തീകരണ പരിപാടികൾ

*ക്ലാസ് പിടിഎ സജീവമാക്കൽ

*സ്കൂൾ പത്രം , മാസിക

*ഒന്നാം ക്ലാസ് ഒന്നാന്തരം

*ശാസ്ത്രഭിരുചി

വളർത്തൽ

*പച്ചക്കറിത്തോട്ടം

*മൂല്യനിർണയം ,നിരന്തര വിലയിരുത്തൽ

*ദിനാചരണം കായിക പഠനം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

*സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുക

*കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്കാവശ്യമായ പഠന പിന്തുണ നൽകുക

*നിത്യജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങൾ [വ്യക്തി ശുചിത്വം,പരിസര ശുചിത്വം]

*റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട വ

*ആരോഗ്യം വ്യായാമം കായികക്ഷമത

×ഡിജിറ്റൽ അച്ചടക്കം

*പൊതുമുതൽ സംരക്ഷണം

*പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്

# <u>മലയാളം</u>

മലയാളി മലയാളത്തെ അിറിയുക മലയാള ഭാഷയെ അിറയുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് എല്ലാകുട്ടികൾക്കും മലയാള ഭാഷ ഫലപ്രതമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നു.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | ചിത്രവായന, അക്ഷരകാർഡ് നൽകൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്യങ്ങൾ ഉറപ്പിക്കൽ, വായനമത്സരം, വാക്യങ്ങൾ നിർമ്മിക്കൽ (സിഡി) | മധ്യകാലം | പുസ്തകം, സിഡി കാർഡ് (ചിത്രങ്ങൾ, പദങ്ങൾ) | അധ്യാപക കൂട്ടായ്മ, ബി ആർ സി, പിടിഎ |

| | | | | | |
|---|---|---|---|---|---|
| 2 | മികവുറ്റ ഭാഷപ്രകടനം | നാടക രചന അവതരണം, രചനാമത്സരം (കഥ, കവിത) മാഗസിൻ നിർമ്മാണം, വാർത്താ അവതരണം. (സ്കൂൾ തല വാർത്തകൾ) | ദീർഘ കാലം | പുസ്തകങ്ങൾ, പത്രങ്ങൾമാഗസിൻ | കുട്ടികൾ, അധ്യാപകർ, പിടിഎ |
| 3 | കുട്ടിയെ മികച്ച വായനക്കാരാക്കുക | വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, ഗ്രന്ഥശാല അംഗത്വം, പത്ര വായന, വായനാക്കുറിപ്പ്, ബാലസഭ, ദിനാചരണങ്ങൾ, വായനസാമഗ്രികൾ തയ്യാറാക്കൽ, ഐ.ടി. സാധ്യത ( സാഹിത്യകാരന്മാർ, കൃതികൾ) | മധ്യകാലം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ഗ്രന്ഥശാല, ഐസിടി | പിടിഎ, എസ്എസ്ജി, ബിആർസി |
| 4 | ഉത്തരപ്പെട്ടി | പത്ര വായന ചോദ്യോത്തര | ഹ്രസ്സ കല | പത്രങ്ങൾ | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം, ക്വിസ് മത്സരം. | | | |
| 5 | അമ്മവായന | ലൈബ്രറി വിതരണം, ക്വിസ് മത്സരം | മധ്യക ല | പുസ്തക ങ്ങൾ | പിടിഎ |
| 6 | അസംബ്ലി | പത്ര വയന, പുസ്തക പരിചയം | ഹ്രസ്വ കല | പത്രം, പുസ്തക ങ്ങൾ | കുട്ടികൾ |

## ഭാഷപരമായ പിന്നോക്കവസ്ത പരിഹരിക്കൽ

- ചിത്രവായന- കുട്ടികൾ ചിത്രങ്ങൾ പരിചയപ്പെടുത്തുന്നു. (സിഡി, ചിത്രങ്ങൾ)
- അക്ഷരക്കാർഡ് പരിചയപ്പെടുത്തുന്നു.
- അക്ഷരം ഉറപ്പിക്കുന്നു
- വാക്യങ്ങൾ ചിത്രവായനയിലൂടെ ഉറപ്പിക്കുന്നു (സിഡി പരിചയം) കഥാവരണം

## മികവുറ്റ ഭാഷാപ്രകടനം

- പാഠാനുബന്ധ നാടകരചന
- സംഭാഷണം എഴുതുക.
- ലഘു നാടകങ്ങൾ പരിചയപ്പെടുന്നു.
- വിഷയാനുബന്ധമായി കഥ, കവിത രചന.
- സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ പ്രകാശനം.

## ഗണിതം മധുരം:-

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ:- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകി കൊണ്ട് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

- ക്ലാസിലൊരുകച്ചവടം : ക്ലാസ്സ് മുറിയിൽ ഒരു കച്ചവട മൂല ഒരുക്കുന്നു. (സങ്കലനം, വ്യവകലനം, ഗുണിതം, ഹരണം)
- കലണ്ടറിനെ അറിയാം:- കലണ്ടർ നിർമ്മാണം
- സമയം:- ക്ലോക്ക് നിർമ്മാണം
- അക്കങ്ങൾ ഉറപ്പിക്കൽ:- ചിത്രങ്ങളിലൂടെ അക്കങ്ങൾ ഉറപ്പിക്കുന്നു
- ഗണിത കേളി: മനക്കണക്ക് ചോദ്യോത്തരക്കളി
- ചോദ്യനിർമ്മാണം:- ശേഷിവികസനവുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ നിർമ്മിക്കുന്നു
- പാറ്റേൺ രൂപികരണം:
- ജ്യാമിതീയ രൂപങ്ങൾ:- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു, നിർമ്മിക്കുന്നു.

## ഗണിതം

ഒരു വ്യക്തിയുടെ നിത്യജീവിതത്തിൽ ഗണിതം കൈകാര്യം ചെയ്യുന്ന അവസരങ്ങൾ അനവധിയുണ്ട്. അതുകൊണ്ട് അതിനുതകുന്ന പ്രവർത്തനങ്ങൾ പ്രൈമറി തലത്തിൽ തന്നെ ഓരോ കുട്ടിക്കും കൈവരിക്കാനുള്ള അവസരങ്ങൾ ഒരുക്കുക എന്നതാണ് ലക്ഷ്യം

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതം മധുരം | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഡൈസ് കളി ഏണിയും പാമ്പും ക്ലാസിലൊരു കച്ചവടം, സംഖ്യാ കാർഡ് തയ്യാറാക്കൽ, ഗണിതപ്പാട്ടുകൾ, ഐസിട്ടി, കലണ്ടിനെ അറിയാം. | ഹ്രസ്വ കല | അക്ക കാർഡ് ഐസിട്ടി, ചാർട്ട് മാതൃകാ കലണ്ടർ | അധ്യാപകർ |
| 2 | ഗണിതോത്സവം | ഗണിതവുമായി ബന്ധപ്പെട്ട് ക്ലാസ് റൂമിൽ രൂപപ്പെട്ട ഉത്പന്ന പ്രദർശനം | ദീർഘ കാലം | ഉൽപ്പന്നങ്ങൾ | പിടിഎ |

# പരിസരപഠനം

ശാസ്ത്രപരിജ്ഞാനം വളർത്താൻ ഉതകുന്ന തരത്തിലുള്ള പഠനപ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്ര മനോഭാവം വളർത്തൽ | ശാസ്ത്ര പരീക്ഷണങ്ങൾ നിരീക്ഷണം ഐ.സി.ടി സാധ്യത | ദീർഘ കാലം | ഐ.സി.ടി ശാസ്ത്ര പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ |
| 2 | ക്ലബ്ബ് രൂപീകരണം | ശാസ്ത്രക്ലബ്ബ് രൂപീകരണം ഫീൽഡ് ട്രിപ്പ് ശാസ്ത്ര ക്വിസ് ദിനാചരണങ്ങൾ | | | |
| 3 | ക്യാമ്പ് | പഠനോപകരണ നിർമ്മാണം ഉൽപ്പന്നപ്രദർശനം | | നിർമ്മാണ വസ്തുക്കൾ | |
| 4 | ശേഖരണം | വിത്ത് ഇലകൾ സ്റ്റാമ്പ് | | | |

## ഇംഗ്ലീഷ്

എല്ലാം കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രതമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വികസിപ്പിക്കുക

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഈസി ഇംഗ്ലീഷ് | പിക്ച്ചർ റീഡിംഗ്, ഇംഗ്ലീഷ് ലൈബ്രറി, ഐസിടി പ്രദർശനം, കാർട്ടൂൺ കഥകൾ, ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് അസംബ്ലി, ന്യൂസ് പേപ്പർ റൂളിങ്, ഇംഗ്ലീഷ് സ്കിറ്റ്, ഇംഗ്ലീഷ് ഗയിം, കലക്ഷൻ | ദിർഘകാല പ്രവർത്തനങ്ങൾ | പിക്ചർ കാർഡ്, ന്യൂസ് പേപ്പർ, ഇംഗ്ലീഷ് ലൈബ്രറി ബുക്ക്, സിഡി | ക്ലാസ് ടീച്ചർ, പിടിഎ |

# കല, കായിക പ്രവൃത്തി പരിചയം

സർഗ്ഗവാസനകൾ ഓരോ കുട്ടികളിലും ഉണ്ടായിരിക്കും അവരുടെ അഭിരുചികൾ കണ്ടെത്തി അതിനുവേണ്ട പരിശീലനം കുട്ടികൾക്ക് നൽകേണ്ടതുണ്ട്. വ്യക്തിത്വവികസനം നേതൃപാടവം തുടങ്ങി നൈപുണികൾ വികസിപ്പിക്കുന്നത്.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കായികക്ഷമത വളർത്തുക | മാസ് ഡ്രിൽ<br>മാർച്ച് പാസ്റ്റ് (പരിശീലനം)<br>നാടൻ കളികൾ പരിശീലനം<br>കോഴിയും കുറുക്കനും<br>ഗോലികളി<br>സ്പോർട്സ് ക്ലബ് | ദീർഘ കാലം | കളി ഉപകരണങ്ങൾ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി |
| 2 | സർഗ്ഗാത്മക കഴിവുകൾ തിരിച്ചറിയുക | ചിത്രരചനാപരിശീലനം<br>സംഗീത പരിശീലനം<br>പാവനാടകം | ദീർഘകാലയളവ് | പൂർവ്വവിദ്യാർത്ഥികൾ | |